അററത്തിൽ. വി.എം. എൽ. പി
സ്കൂൾ.

# അക്കാദമിക
# മാസ്റ്റർ പ്ലാൻ

2025-26

# ആമുഖം

കണ്ണൂർ ജില്ലയിലെ മാടായി സബ്ജില്ലയിൽ ചെറുതാഴം പഞ്ചായത്തിൽ മൂന്നാം വാർഡിലാണ് അറത്തിൽ വി.എം.എൽ.പി സ്കൂൾ സ്ഥിതി ചെയ്യുന്നത്. ആദ്യകാലത്ത് പ്രാഥമിക വിദ്യാഭ്യാസത്തിനുള്ള ഏക ആശ്രയം 1925-ൽ സ്ഥാപിതമായ ഈ സ്കൂളാണ്.

അറത്തിൽ, അറത്തിപ്പറമ്പ്, നരിക്കാംവള്ളി, പീരക്കാംതടം, കോട്ടക്കുന്ന് എന്നീ പ്രദേശങ്ങളിലെ കുട്ടികളാണ് കൂടുതലായും ഈ സ്കൂളിൽ പഠനം നടത്തുന്നത്. പ്രീ-പ്രൈമറി അടക്കം അഞ്ച് ക്ലാസ്സും 5 അധ്യാപകരുമാണ് നിലവിലുള്ളത്. നാട്ടുകാരുടെ സജീവ ഇടപെടൽ സ്കൂളിന്റെ വലിയ പ്രത്യേകതയാണ്. അഡ്വ. ശ്രീ. വി.എം രമേശനാണ് സ്കൂൾ മാനേജർ.

ഈ വിദ്യാലയത്തിൽ ഊർജ്ജസ്വലരായ നിരവധി അധ്യാപകർ ജോലി ചെയ്തിട്ടുണ്ട്. നാരായണൻ നമ്പീശൻ, ഉണ്ണികൃഷ്ണൻ, വേണുഗോപാലൻ, രമേശൻ മാസ്റ്റർ, കേശവൻ മാസ്റ്റർ, വിഷ്ണു നമ്പൂതിരി, സരസ്വതി ടീച്ചർ, പത്മിനി ടീച്ചർ, ലക്ഷ്മി ടീച്ചർ എന്നിവർ പ്രമുഖരായ അധ്യാപകരിൽ ചിലർ മാത്രമാണ്. ഇപ്പോൾ 5 അധ്യാപകരാണ് ഈ വിദ്യാലയത്തിൽ സേവനമനുഷ്ഠിക്കുന്നത്. സി.കെ തുളസി ടീച്ചറാണ് ഹെഡ്മിസ്ട്രസ്.

അസിസ്റ്റന്റ് ടീച്ചറായി വി.കെ ഷീജി, വർണ ടി.വി, സന്ധ്യക അഞ്ജലി പി.പി എന്നിവരാണ് ജോലി ചെയ്യുന്നത്.

പുറച്ചേരി ഗവ: യു.പി സ്കൂൾ, കടന്നപ്പള്ളി യു.പി സ്കൂൾ എന്നീ വിദ്യാലയങ്ങളുടെ മധ്യഭാഗത്താണ് അനത്തിൽ വി.എം.എൽ.പി സ്കൂൾ സ്ഥിതി ചെയ്യുന്നത്. തികച്ചും സാധാരണ കുടുംബങ്ങളിൽ നിന്നാണ് നമ്മുടെ വിദ്യാലയത്തിലേക്ക് കുട്ടികൾ വരുന്നത്.

കുട്ടികളെ സ്കൂളിലെത്തിക്കുന്നതിന് വാഹനസൗകര്യം ഒരുക്കിയിട്ടുണ്ട്. നമ്മുടെ വിദ്യാലയത്തിലെത്തുന്ന കുട്ടികൾക്ക് മികച്ച പഠനം ഉറപ്പുവരുത്തുന്നതിൽ ഇവിടുത്തെ അധ്യാപകർ ആത്മാർത്ഥമായി പരിശ്രമിക്കുന്നുണ്ട്.

പുരോഗതികൾ ധാരാളം ഉണ്ടെങ്കിലും ഈ വിദ്യാലയത്തിൽ ചേരേണ്ട കുട്ടികൾ സമീപത്തെ അൺഎയ്ഡഡ് ഇംഗ്ലീഷ് മീഡിയത്തിൽ പ്രവേശനം നേടുന്ന പ്രവണത തുടരുന്നുണ്ട്. കൃത്യമായ ബോധവത്കരണം നടക്കുന്നുണ്ടെങ്കിലും ഇംഗ്ലീഷിനോടുള്ള അമിതമായ പ്രതിപത്തിയാണ് ഇതിന് പിറകിലെന്ന് അറിയാം. ഒരു പരിധിവരെ പരിഹരിച്ചെങ്കിലും പൂർണ്ണമായും പരിഹരിക്കാൻ സാധിച്ചിട്ടില്ല.

# നിലവിലെ ഭൗതിക സാഹചര്യം

ക്ലാസ് മുറികൾ

ഓഫീസ്

കമ്പ്യൂട്ടർ ലാബ്

ടോയ്‌ലറ്റ്

കൂറിനർ

ഭക്ഷണശാല

പ്രൊജക്ടർ

ലാപ്പ്ടോപ്പ്

# ഭൗതികം

## പ്രവർത്തനങ്ങളും ചുമതലകളും

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | ചുമതല | പ്രതീക്ഷിത ധനകാര്യ സ്രോതസ്സ് |
|---|---|---|---|
| 1. | ക്ലാസ് റൂം ലൈബ്രറി | പിടിഎ | പൂർവ്വവിദ്യാർത്ഥികൾ |
| 2. | പാചകപ്പുര | പഞ്ചായത്ത് പിടിഎ മാനേജർ | മാനേജ്മെന്റ്, എം.എൽ.എ |
| 3. | സ്കൂൾ ചുറ്റുമതിൽ | പിടിഎ | പൂർവ്വ വിദ്യാർത്ഥികൾ, മാനേജർ |
| 4. | കളി ഉപകരണങ്ങൾ | എസ്.എം.സി പിടിഎ | പഞ്ചായത്ത്, പൂർവ്വ വിദ്യാർത്ഥികൾ |
| 5 | വിദ്യാലയ ഔഷധ വൽക്കരണം | പിടിഎ, എസ്.എം.സി | പൂർവ്വവിദ്യാർത്ഥി ഫണ്ട്, പഞ്ചായത്ത് |
| 6 | ശിശു കേന്ദ്രീകൃത ചുമർചിത്രങ്ങൾ | പിടിഎ, എസ്.എം.സി | പഞ്ചായത്ത് പൂർവ്വ വിദ്യാർത്ഥി |
| 7. | മൈക്ക്സെറ്റ് | പിടിഎ. എസ്.എം.സി | പൂർവ്വവിദ്യാർത്ഥി |

# സ്കൂൾ അന്തരീക്ഷത്തിലേക്ക് തിരികെ

**താല്പര്യം**

ഇഷ്ടമുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടാനവസരം

**ലഘു വ്യായാമങ്ങൾ**

സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ച് കളികളും ലഘുവ്യായാമങ്ങളും ചെയ്യാനവസരം

**കുട്ടികളുടെ അവതരണം**

കഴിവുകളും പഠനോല്പന്നങ്ങളും അവതരിപ്പിക്കാനവസരം

**വായന**

വായനാവസന്തം (അനുയോജ്യമായ പുസ്തകങ്ങൾ, വായനാകാർഡുകൾ ...

**ശാസ്ത്ര പരീക്ഷണങ്ങൾ**

ശാസ്ത്രരംഗം ശാസ്ത്രോത്സവം രസകരമായ ലഘുപരീക്ഷണങ്ങൾ

## സമഗ്ര ശിക്ഷ

- ക്ലസ്റ്റർ യോഗങ്ങൾ
വർക്ക്ഷീറ്റുകൾ
രക്ഷാകർതൃ വിദ്യാഭ്യാസം
സ്കൂൾ കൗൺസിലർ
ശാക്തീകരണം

## കൈറ്റ്

ഓൺലൈൻ
പഠനസംവിധാനങ്ങളും
അതിനായുള്ള
അധ്യാപക ശാക്തീ-
കരണവും

## വിദ്യാഭ്യാസ ഓഫീസർമാർ

കുട്ടികളുടെ പഠനം
നടക്കുന്നു എന്ന്
ഉറപ്പു വരുത്തുക.
മോണിറ്ററിങ്
അധ്യാപക പരിശീലനം
എന്നിവ ഏകോപിപ്പിക്കുക.

# ചുമതലകൾ

## അധ്യാപകർ

- കുട്ടിയെ മനസ്സിലാക്കുക
- പഠനവിടവ് കണ്ടെത്തുക
- ആധുനികമായി തന്നെ പഠനസാഹചര്യമൊരുക്കുക.

## പ്രഥമാധ്യാപകർ

- എല്ലാ കുട്ടികളെയും സ്കൂളിലെത്തിക്കുക
- എത്താത്തവർക്ക് പഠന സൗകര്യം
- സ്കൂൾ മോണിറ്ററിങ്
- രക്ഷാകർതൃശാക്തീകരണം

## സ്കൂൾ അക്കാദമിക സമിതികൾ

- സ്കൂൾ തുറക്കൽ ദിനം
- സമഗ്രാസൂത്രണം
- രക്ഷാകർതൃ ശാക്തീകരണം
- സ്കൂൾ ക്ലബുകൾ

## ഡയറ്റ്

- സമഗ്രാസൂത്രണം
- ജില്ലാതല ഏകോപനം
- വിലയിരുത്തൽ ടൂളുകൾ
- അക്കാദമിക മോണിറ്ററിങ്ങും പരിശീലനവും

# അക്കാദമിക് പ്രവർത്തനങ്ങൾ

## മലയാളം

പ്രശ്നം:

- ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ.

ലക്ഷ്യങ്ങൾ

- എല്ലാവർക്കും എഴുത്തും വായനയും
- വായനക്കൂട്ടം, എഴുത്ത് കൂട്ടം.
- അമ്മ വായന
- ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി
- ഗ്രന്ഥശാല അംഗത്വം
- ക്ലാസ് സഭ, ബാലസഭ
- ഭാഷയുമായി ബന്ധപ്പെട്ട സി.ഡി. ഐ.സിടി സാധ്യത സജ്ജീകരിക്കൽ.
- എഴുത്തിന്റെ വിവിധ തലങ്ങൾ പരിചയപ്പെടുക
- വായന സാമഗ്രികൾ കണ്ടെത്തുക. വികസിപ്പിക്കുക

പ്രവർത്തനങ്ങൾ.

1 മലയാളത്തിളക്കം

പ്രീ-ടെസ്റ്റ് നടത്തുന്നു. പിന്നോക്കക്കാരെ കണ്ടെത്തൽ.

2 അക്ഷരം ഉറപ്പിക്കൽ

ചിത്രങ്ങളിലൂടെ മലയാള അക്ഷരം ഉറപ്പിക്കുന്നു.

3 അടയാളങ്ങൾ ഉറപ്പിക്കൽ

ചിത്ര സഹായത്താൽ അടയാളങ്ങൾ ചിഹ്നങ്ങൾ എന്നിവ ഉറപ്പിക്കൽ.

4 ചിത്രം - അടിക്കുറിപ്പ്

ചിത്രം നൽകൽ. അടിക്കുറിപ്പ് പറയിപ്പിക്കൽ അധ്യാപികയുടെ സഹായത്തോടെ എഴുതൽ.

5 ചിത്രം അടങ്ങിയ സി.ഡി. പ്രദർശനം.

6. കഥാപുസ്തകം നൽകൽ

വായന, കുറിപ്പ് തയ്യാറാക്കൽ

# മലയാളം

| ക്രമ No: | പരിപാടി | പ്രവർത്തനങ്ങൾ | സമയപരിധി | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1. | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1. പ്രീടെസ്റ്റ്<br>2. അക്ഷരം ഉറപ്പിക്കൽ<br>3. അടയാളം ഉറപ്പിക്കൽ<br>4. അക്ഷര കാർഡ് നൽകൽ<br>5. വാക്കുകൾ എഴുതിയ കാർഡ്<br>6. വാക്കുകൾ നിർമ്മിക്കുക.<br>7. വാക്യങ്ങൾ നിർമ്മിക്കുക<br>8. ചിത്രം / അടിക്കുറിപ്പ്<br>9. ചിത്രം - കഥ പറയൽ<br>10. ചിത്രം കഥ എഴുതൽ<br>11. കഥാ പുസ്തകം നൽകൽ<br>12. ചിത്രം നോക്കി അടിക്കുറിപ്പ് എഴുതൽ<br>13. പത്രത്തിൽ നിന്നും വാക്കുകൾ കണ്ടെത്തൽ<br>14. അക്ഷരത്തിന് നിറം കൊടുക്കൽ | ജൂൺ - മാർച്ച് | ക്ലാസ് ലൈബ്രറി<br>പത്രങ്ങൾ<br>കഥാപുസ്തകങ്ങൾ<br>വായനാമൂല | BRC<br>PTA<br>ക്ലബ്ബ്<br>ഗ്രന്ഥശാലകൾ |

| ക്രമ നമ്പർ | പരിപാടി | പ്രവർത്തനങ്ങൾ | സമയപരിധി | ഭൗതികം | പിന്തുണ |
| --- | --- | --- | --- | --- | --- |
| 2 | കുട്ടിയെ മികച്ച വായനക്കാരാക്കുക | 1. ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>2. വായനമൂല<br>3. ക്ലാസ് ലൈബ്രറി രൂപീകരിക്കൽ<br>4. ബാലസഭ<br>5. പത്രവായന<br>6. അമ്മവായന<br>7. വായനാനുഭവം പങ്കുവയ്ക്കൽ<br>8. പുസ്തകചർച്ച<br>9. വായനാക്കുറിപ്പ്<br>10. ദിനാചരണങ്ങൾ<br>11. ഇ-വായന<br>12. കാവ്യക്കൂട്ടം<br>13. ആനുകാലിക പ്രസിദ്ധീകരണങ്ങൾ | ജൂലൈ മുതൽ ഡിസംബർ വരെ | ക്ലാസ് ലൈബ്രറി<br>സ്കൂൾ ലൈബ്രറി<br>പത്രങ്ങൾ<br>ആനുകാലിക പ്രസിദ്ധീകരണങ്ങൾ<br>ഇന്റർനെറ്റ്<br>കമ്പ്യൂട്ടർ<br>വായനമുറി<br>ബാലപ്രസിദ്ധീകരണങ്ങൾ | പിടിഎ<br>വിദഗ്ദ്ധർ<br>ഗ്രന്ഥശാലകൾ |

| ക്രമ No. | പരിപാടി | പ്രവർത്തനങ്ങൾ | സമയപരിധി | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 3. | കുട്ടിയെ എഴുത്തുകാരനാക്കുക | 1. പുസ്തക ചർച്ച<br>2. ക്ലാസ് ലൈബ്രറി<br>3. വായന കുറിപ്പ്<br>4. ആസ്വാദന കുറിപ്പ്<br>5. വിവിധ സാഹിത്യരൂപങ്ങൾ പരിചയപ്പെടൽ<br>6. സർഗ്ഗ സൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ<br>7. എഴുത്തുകൂട്ടം മീറ്റിംഗ്<br>8. ബാലസഭ<br>9. പൊതുവേദിയിൽ പ്രദർശിപ്പിക്കൽ<br>10. വ്യക്തിഗത രചന, സംഘ രചന<br>11. ഭാഷാ പ്രോജക്റ്റ്<br>12. കവി പരിചയം<br>13. സാഹിത്യകാരന്മാരുമായുള്ള സംവാദം | ആഗസ്റ്റ് മുതൽ<br>പുസ്തകങ്ങൾ | ലൈബ്രറി<br>ലൈബ്രറി<br>പുസ്തകങ്ങൾ<br>ജീവചരിത്ര പുസ്തകങ്ങൾ<br>ഗ്രന്ഥശാല<br>പുസ്തകങ്ങൾ<br>ഇന്റർനെറ്റ് കമ്പ്യൂട്ടർ<br>വായനാമൂല<br>ബാലപ്രസിദ്ധീകരണങ്ങൾ | BRC<br>PTA<br>Teachers |

# ഗണിതം

## ആമുഖം

നിത്യജീവിതത്തിൽ ഒഴിവാക്കാൻ പറ്റാത്ത ഒരു വിഷയമാണ് ഗണിതം ഗണിത വിഷയത്തിൽ കുട്ടികളെ മികച്ചവരാക്കേണ്ടത് അതുകൊണ്ട് തന്നെ ഏറെ പ്രാധാന്യം അർഹിക്കുന്നതാണ്. ഗണിതപ്രവർത്തനങ്ങളെ കളികളെയും സർഗാത്മകപ്രവർത്തനങ്ങളെയും ചേർത്തുകൊണ്ടാണ് പ്രൈമറി തലത്തിലെ ഗണിതപാഠപുസ്തകങ്ങൾ തയ്യാറാക്കിയിരിക്കുന്നത്. കുട്ടികളുടെ ഗണിതപഠനത്തിനോടുള്ള താത്പര്യവും ജിജ്ഞാസയും വളർത്തുന്ന തരത്തിലുള്ള പ്രവർത്തനങ്ങളാണ് ഈ മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഗണിതത്തിൽ വ്യത്യസ്ത നിലവാരത്തിലുള്ള കുട്ടികളാണ് നമ്മുടെ മുന്നിലുള്ളത്. അത്തരത്തിൽ അവരെയെല്ലാം മുൻപന്തിയിലെത്തിക്കാൻ പറ്റുന്ന തരത്തിൽ പ്ലാൻ ആസൂത്രണം ചെയ്തിരിക്കുന്നു.

# ലക്ഷ്യങ്ങൾ

- നിത്യജീവിതവുമായി ബന്ധപ്പെട്ട് 1 മുതൽ 10,000 വരെയുള്ള സംഖ്യകൾ ഉൾപ്പെട്ട ആശയങ്ങൾ വികസനം ചെയ്യുന്നു. പ്രശ്നങ്ങൾ പരിഹരിക്കുക.
- വസ്തുക്കൾ, ചിത്രങ്ങൾ എന്നിവ നിരീക്ഷിച്ചും താരതമ്യ താരതമ്യപദങ്ങൾ ഉപയോഗിച്ചു വിശദമാക്കാനും കഴിയുക.
- കളികളുടെയും ചിത്രീകരണത്തിന്റെയും നിർമ്മാണപ്രവർത്തനങ്ങളുടെയും ഭാഗമായി സങ്കലന, വ്യവകലന ക്രിയകൾ പ്രയോജനപ്പെടുത്തുന്നു.
- സ്ഥാനവില അനുസരിച്ച് എഴുതാനും വായിക്കുന്നതിനും ആരോഹണ ക്രമത്തിൽ എഴുതുന്നതിനുള്ള ശേഷി ഉറപ്പിക്കുന്നു.
- വസ്തുക്കൾ സ്കെയിൽ ഉപയോഗിച്ച് തിട്ടപ്പെടുത്തൽ.
- എല്ലാ കുട്ടികൾക്കും പ്രായോഗിക പ്രശ്നങ്ങൾ, ചതുഷ്ക്രിയകൾ, നാലക്ക സംഖ്യ, മൂന്നക്ക സംഖ്യ, രണ്ടക്കസംഖ്യ എന്നിങ്ങനെ വ്യാഖ്യാനിക്കാനുള്ള ശേഷി ഉറപ്പിക്കൽ.
- സമയം അറിയുന്നതിന്
- സംഖ്യകൾ ചെറുത്, വലുത് തിരിച്ചറിയൽ.

| ലക്ഷ്യം | പ്രവർത്തനം | സമയം | ചുമതല |
|---|---|---|---|
| 1. സംഖ്യകൾ ചെറുത് വലുത് തിരിച്ചറിയൽ | **വലുതാര് ചെറുതാര്**<br>ക്ലാസിൽ ബോർഡിൽ ഒരു സംഖ്യ എഴുതുന്നു. ടീച്ചർ ചെറിയ ചാർട്ട് പേപ്പറിൽ നിരവധി സംഖ്യകൾ എഴുതി വയ്ക്കുന്നു. ബോർഡിൽ എഴുതിയ സംഖ്യയെക്കാൾ ചെറിയതും വലുതും സംഖ്യകൾ തിരിച്ചറിഞ്ഞ് ടീച്ചർ പറഞ്ഞ ബോക്സിലിടുക.<br>**വട്ടം വരക്കാം**<br>ചാർട്ടിലെഴുതിയ ഏറ്റവും വലിയ സംഖ്യയ്ക്കും ചെറിയ സംഖ്യക്കും നേരെ വട്ടം വരയ്ക്കുക. | ജൂൺ ജൂലൈ | ടീച്ചർ |
| 2. സംഖ്യാബോധം | **അക്കങ്ങൾ ഉറപ്പിക്കൽ**<br>സംഖ്യാകാർഡ് ഉപയോഗപ്പെടുത്തി അക്കങ്ങൾ ഉറപ്പിക്കുന്നു.<br>**കാർഡ് കളി**<br>സംഖ്യാകാർഡുകൾ ഉപയോഗിച്ച് ചെറുത് വലുത് എന്നിവ കണ്ടെത്തുന്നു. | | |

| | | | |
|---|---|---|---|
| 3. സ്ഥാന വില | **അബാക്കസ് നിർമ്മാണം**<br>സ്ഥാനവില മനസ്സിലാക്കുന്നതിന് അബാക്കസ് നിർമ്മിക്കുന്നു. സ്ഥാനവില മനസ്സിലാക്കുന്നു.<br>**സ്ഥാനവില പോക്കറ്റ്**<br>ഒന്ന്, പത്ത്, നൂറ്, ആയിരം, പതിനായിരം എന്നീ സ്ഥാനങ്ങൾ മനസ്സിലാക്കുന്നതിനായി ഓരോ ക്ലാസിലും സ്ഥാനവില പോക്കറ്റ് നിർമ്മിക്കുന്നു. പ്രശ്നങ്ങൾ അപഗ്രഥിക്കുന്നു. | ജൂൺ ജൂലൈ | ടീച്ചർ കുട്ടികൾ |
| 4. സംഖ്യ, വ്യാഖ്യാനം | **സംഖ്യ ഏത്, വായിക്കാം**<br>മൂന്ന് പേപ്പർ ഗ്ലാസ് എടുക്കുന്നു. 50ൽ താഴെ ഉള്ള സംഖ്യയെ 3 ഗ്ലാസിലും ഇടുന്നു. വ്യാഖ്യാനിക്കുന്നു. | | |
| 5. സങ്കലന വ്യവകലന പ്രക്രിയകൾ പരിഹരിക്കുന്നത്. | **കാർഡുകൾ കണ്ടെത്താം**<br>സങ്കലനം, വ്യവകലനം ഉൾപ്പെട്ട ചോദ്യങ്ങൾ നൽകി ക്രിയ ചെയ്തതിനു ശേഷം ഉത്തരങ്ങൾ എഴുതിയ കാർഡുകൾ കണ്ടെത്തുന്നു. ഗ്രൂപ്പായും വ്യക്തിഗതമായും പ്രവർത്തനം ചെയ്യുന്നു. | സെപ്റ്റ്. ഒക്ടോബർ | ടീച്ചർ |

| | | | |
|---|---|---|---|
| | **ഞാൻ പറയാം**<br>ഗുണന രൂപത്തിലെഴുതിയ കാർഡുകൾ ടീച്ചർ കൊണ്ടുവരുന്നു. (3×4, 5×5, 6×9, 4×2) ടീച്ചർ ഓരോ കാർഡ് ഉയർത്തിക്കാട്ടുന്നു. ഓരോ കുട്ടികളെ കൊണ്ടും പറയിക്കുന്നു. | | ടീച്ചർ |
| | **താക്കോൽ കണ്ടെത്താം**<br>ഗുണന വസ്തുതകൾ ഉറപ്പിക്കുന്നതിന് രസകരമായൊരു പ്രവർത്തനം ചെയ്യുന്നു.<br>45 49 16<br>9×5 2×8 7×7 | | ടീച്ചർ |
| 6. സമയം അളക്കുന്നതിന്. 4 മണിക്കൂർ | **ക്ലോക്ക് വരയ്ക്കാം**<br>വ്യക്തിഗതമായി ക്ലോക്ക് വരയ്ക്കുന്നു സമയം അടയാളപ്പെടുത്തുന്നു. | ജൂൺ ജൂലൈ | |
| | **സൂചി വരയ്ക്കാം**<br>ടീച്ചർ ചാർട്ടിൽ 4 ക്ലോക്കുകൾ വരച്ച് വയ്ക്കുന്നു. ക്ലോക്കിന്റെ സമയവും എഴുതുന്നു. അതനുസരിച്ച് കുട്ടികൾ സൂചി വരയ്ക്കുന്നു. | | ടീച്ചർ |

| | | | |
|---|---|---|---|
| 7. | ഗണിതമൂല<br>ഗണിത പഠനത്തിന് ആവശ്യമായ പഠനോപകരണങ്ങൾ നിർമ്മിക്കുന്നു. ക്ലാസിലെ ഒരു സ്ഥലത്ത് ക്രമീകരിക്കുന്നു. | | |
| 8. ലളിത വ്യവഹാര പ്രശ്ന പരിഹരണം. | ക്ലാസിലെ കട<br>പുസ്തകങ്ങൾ, പേന, പെൻസിൽ സ്കെയിൽ എന്നിവ ചേർത്ത് വച്ച് ഒരു കടയുടെ മാതൃക സൃഷ്ടിക്കുന്നു. ഒരു കുട്ടി കടക്കാരനാവുന്നു. മറ്റു കുട്ടികൾ സാധനം വാങ്ങാൻ വരുന്നു. | | |

# ഗണിത മേഖലയിലെ പ്രശ്നങ്ങൾ (ചതുഷ്ക്രിയകൾ) പരിഹരിക്കൽ

## ലക്ഷ്യങ്ങൾ

- എല്ലാവരെയും 1 മുതൽ 10,000 വരെയുള്ള സംഖ്യകളെക്കുറിച്ചുള്ള ധാരണ ഉറപ്പ് വരുത്തൽ
- സംഖ്യകളിൽ ചെറുത്, വലുത് തിരിച്ചറിയൽ
- ചതുഷ്ക്രിയകൾ പരിചയപ്പെടലും പ്രശ്ന പരിഹാരണവും

## പ്രവർത്തനങ്ങൾ

- അക്കങ്ങൾ ഉറപ്പിക്കൽ
  സംഖ്യാകാർഡ് പ്രയോഗപ്പെടുത്തി അക്കങ്ങൾ ഉറപ്പിക്കുന്നു.
- കാർഡ് കളി
  സംഖ്യാകാർഡുകളുപയോഗിച്ച് ചെറുത്, വലുത് കണ്ടെത്തൽ
- കാർഡുകൾ കണ്ടെത്താം
  സങ്കലനം, വ്യവകലനം ഉൾപ്പെട്ട ചോദ്യങ്ങൾ നൽകി ക്രിയ ചെയ്തതിനു ശേഷം ഉത്തരങ്ങൾ എഴുതിയ കാർഡുകൾ കണ്ടെത്തുന്നു.